# വിജ്ഞാപനം
## 2025ലെ കേരള പഞ്ചായത്ത് രാജ്
## (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ

നം.4842564/2025 തീയതി.08.10.2025

വിഷയം: 2025ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രാബല്യത്തിൽ വന്നത്- സംബന്ധിച്ച്

സൂചന: 1. ബഹു കേരള സർക്കാരിൻറെ14/08/2025 തീയതിയിലെസ.ഉ(അച്ചടി)നം.46/2025 LSGD നമ്പർ വിജ്ഞാപനം

2. കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 08/10/2025 തീയതിയിലെ 5 (1)/25 നമ്പർ തീരുമാനം

മേൽ സൂചന ഒന്ന് വിജ്ഞാപന പ്രകാരം കേരള സംസ്ഥാനത്ത് 2025ലെ കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക്(ലൈസൻസ് നൽകൽ) ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചട്ടം മൂന്നിന് വിധേയമായി സൂചന രണ്ട് പ്രകാരം ചുവടെ പറയുന്ന വസ്തുതകൾ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുജനങ്ങൾക്കായി വിജ്ഞാപനം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

1. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലമോ കെട്ടിടമോ ഒന്നോ അതിലധികമോ സേവന ആവശ്യങ്ങൾക്കോ വ്യാപാര-വാണിജ്യ പ്രവർത്തന ങ്ങൾക്കോ ഉപയോഗിക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 232ാംവകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.

2. സൂചന ചട്ടങ്ങളിലെ കാറ്റഗറി 2 വിഭാഗത്തിൽപ്പെട്ട വ്യാപാരസംരംഭങ്ങളിൽ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ലാത്ത സംരംഭകർ ഈ വിജ്ഞാപനം തീയതി മുതൽ 30 ദിവസത്തിനുള്ളിൽ കെ സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന് ഓൺലൈൻ ആയി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

3. ഈ വിജ്ഞാപന തീയതിക്ക് ശേഷം കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും സ്ഥലമോ കെട്ടിടമോ കാറ്റഗറി 2 വിഭാഗത്തിൽപ്പെട്ട വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന തീയതിക്ക് 15 ദിവസങ്ങൾക്ക് മുമ്പ് കെ സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന് ഓൺലൈനായി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിൻറെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

4. വാഹനങ്ങൾ ഉപയോഗിച്ച് റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു സംരംഭങ്ങൾ എന്നിവ നടത്തുന്നവർക്കും ടി വ്യവസ്ഥകൾ ബാധകമാണ്

5.സൂചന ചട്ടങ്ങളിലെ കാറ്റഗറി ഒന്ന് വിഭാഗങ്ങളിൽ പെട്ട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന തീയതിക്ക് 45 ദിവസങ്ങൾക്ക് മുമ്പായി വകുപ്പ് 233' പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കായി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

6. കാറ്റഗറി ഒന്ന് പ്രകാരമുള്ള സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭിച്ച സംരംഭകർ അവസ്ഥാപിച്ച ശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റു വകുപ്പുകളോ സ്ഥാപനങ്ങളോ നൽകേണ്ട അനുമതികളും നിരാക്ഷേപ സാക്ഷ്യപത്രങ്ങളും നേടിയശേഷം മേൽപ്പറഞ്ഞ പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.

7. നിലവിൽ ലൈസൻസ് ഉള്ളതോ പുതിയതായി ലൈസൻസ് എടുക്കുന്നതോ ആയ സ്ഥാപനങ്ങൾ പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസങ്ങൾക്ക് മുമ്പായി നിശ്ചിത ഫീസ് സഹിതം സ്വയം സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറക്ക് ലൈസൻസ് / രജിസ്ട്രേഷൻ ലഭിക്കുന്നതാണ്.

8. കേരള സംസ്ഥാന മലിനീകരണം ബോർഡ് വൈറ്റ്/ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ഫാക്ടറി/വ്യവസായം/വർക്ക് ഷോപ്പ് എന്നിവയ്ക്ക് ലൈസൻസ് അനുമതിയോ ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരം സ്ഥാപനങ്ങൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനായി സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി നിശ്ചിത ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആയത് പുതുക്കേണ്ടതുമാണ്.

9. പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്ക് മതിയായ രേഖകൾ സമർപ്പിച്ച് നിശ്ചിത ഫീസ് പൂർണ്ണമായി അടയ്ക്കുന്ന സംരംഭങ്ങൾക്ക് സംരംഭകൻ ആവശ്യപ്പെടുന്ന പക്ഷം പരമാവധി അഞ്ചുവർഷം വരെയുള്ള കാലാവധിക്ക് ലൈസൻസ് ലഭിക്കുന്നതാണ്. എന്നാൽ സംരംഭത്തിന് ഹരിതകർമ്മസേനയുടെ യൂസർ ഫീ, തൊഴിൽ നികുതി മുതലായവ കുടിശ്ശികയാകുന്ന പക്ഷം ടി ലൈസൻസ് റദ്ദാവുന്നതാണ്.

10. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളവ ഒഴികെ ലൈസൻസോ/അനുമതിയോ/രജിസ്ട്രേഷനോ കൂടാതെ യാതൊരുവിധ സംരംഭവും പ്രവർത്തിക്കാൻ പാടുള്ളതല്ല. അപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ പിഴ, പ്രോസിക്യൂഷൻ മുതലായ നടപടികൾ സ്വീകരിക്കുന്നതാണ്.

11. നിലവിലുള്ള ലൈസൻസിന്റെ / രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിനകം ലൈസൻസ് ഫീസും/ രജിസ്ട്രേഷൻ ഫീസും സ്വയം സാക്ഷ്യപത്രവും നൽകുന്ന സംഗതിയിൽ ഒരു വർഷത്തേക്കുള്ള ലൈസൻസ് ഫീസിന്റെ / രജിസ്ട്രേഷൻ ഫീസിന്റെ 10 ശതമാനം തുകയും ലൈസൻസിന്റെ /രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ച ശേഷം ലൈസൻസ് ഫീസും/ രജിസ്ട്രേഷൻ ഫീസും സ്വയം സാക്ഷ്യപത്രവും നൽകുന്ന സംഗതിയിൽ ഓരോ വർഷത്തേക്കും ലൈസൻസ് ഫീസിന്റെ/രജിസ്ട്രേഷൻ ഫീസിന്റെ 20 ശതമാനം വീതം തുകയും ലേറ്റ് ഫീസ് ആയി ഈടാക്കിക്കൊണ്ട് ലൈസൻസ് / രജിസ്ട്രേഷൻ പുതുക്കി നൽകുന്നതാണ്.

12. ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് 08.10.2025 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒന്നാം പട്ടിക

(4, 6, 7, 12, 13 എന്നീ ചട്ടങ്ങൾ കാണുക)

| ക്രമ നമ്പർ | വിഭാഗം | ഒരു വർഷത്തേക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് |
|---|---|---|
| 1 | ഒരു ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 100 രൂപ |
| 2 | മൂലധന നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 300 രൂപ |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1,000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5,000 രൂപ |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10,000 രൂപ |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15,000 രൂപ |

ഉത്തരവിൻ പ്രകാരം

സെക്രട്ടറി
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

OFFICE OF THE KATTIPPARA GRAMA PANCHAYAT
P.O. Kattippara Pin: 673573